# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:736** **27.04.2017-ൽ മറുപടിയ്ക്ക്**

**ഹൈടെക്ക് ഫിഷ് മാർക്കറ്റുകൾ**

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) സംസ്ഥാനത്ത് എവിടെയെല്ലാം ദേശീയ മത്സ്യബന്ധന വികസന ബോർഡ് (എൻ.എഫ്.ഡി.ബി) -ന്റെ ധനസഹായത്തോടെ ഹൈടെക്ക് ഫിഷ് മാർക്കറ്റുകൾ ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു; | എ) 2016-17 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയിലെ കൊറ്റംകര ഗ്രാമ പഞ്ചായത്തിൽ കരിക്കോട് ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനായി 356.00 ലക്ഷം രൂപയുടെ അംഗീകാരം നൽകി. കൂടാതെ കൊല്ലം ജില്ലയിലെ മയ്യനാട്, കുളക്കട, കൊട്ടിയം, പത്തനംതിട്ട ജില്ലയിലെ അടൂർ, കുമ്പഴ ആലപ്പുഴ ജില്ലയിലെ പൂച്ചാക്കൽ എറണാകുളം ജില്ലയിലെ നായരമ്പലം എന്നിവിടങ്ങളിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ദേശീയ മത്സ്യവികസന ബോർഡിന്റെ അംഗീകാരത്തോടെ ആധുനിക മത്സ്യമാർക്കറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. |
| ബി) ഇതിന്റെ പ്രാരംഭ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എന്നേക്ക് ഇവ നടപ്പിൽ വരുത്താനാകുമെന്നാണ് കരുതുന്നത്; വിശദവിവരം ലഭ്യമാക്കുമോ? | ബി) കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും അംഗീകാരം ലഭിച്ച കരിക്കോട് ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ പൂർത്തീകരിച്ചു വരുന്നു. മറ്റു 7 മാർക്കറ്റുകൾക്ക് NFDB യുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**